**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
695033 തിരുവനന്തപുരം
E-mail:vig.vacb@kerala.gov.in
ഫോൺ നം . 0471-2305393
തീയതി 16.10.2025

# ബിൽഡിംഗ് ഓണർഷിപ്പ് മാറ്റുന്നതിന് കൈക്കൂലി:- കൊച്ചി കോർപ്പറേഷൻ ഇടപ്പള്ളി സോണൽ ഓഫീസിലെ സൂപ്രണ്ടും, റവന്യൂ ഇൻസ്പെക്ടറും വിജിലൻസ് പിടിയിൽ.

അഭിഭാഷകനായ പരാതിക്കാരന്റെ കക്ഷിയുടെ ഉടമസ്ഥതയിൽ കൊച്ചി കോർപ്പറേഷൻ ഇടപ്പള്ളി സോണൽ ഓഫീസ് പരിധിയിൽ വരുന്ന ഒരു കെട്ടിടത്തിന്റെ ഓണർഷിപ്പ് മാറ്റി നൽകുന്നതിന് 7,000/-രൂപ കൈക്കൂലി വാങ്ങിയ കൊച്ചി കോർപ്പറേഷൻ ഇടപ്പള്ളി സോണൽ ഓഫീസ് സൂപ്രണ്ട് ആലപ്പുഴ തുമ്പോളി സ്വദേശി ലാലച്ചനെയും, റവന്യൂ ഇൻസ്പെക്ടർ തിരുവനന്തപുരം വലിയതുറ സ്വദേശി മണികണ്ഠനെയും വിജിലൻസ് ഇന്ന് (16.10.2025) കയ്യോടെ പിടികൂടി.

എറണാകുളം സ്വദേശിയും അഭിഭാഷകനുമായ പരാതിക്കാരന്റെ കക്ഷിയുടെ പേരിൽ കൊച്ചി കോർപ്പറേഷൻ ഇടപ്പള്ളി സോണൽ ഓഫീസ് പരിധിയിൽ വരുന്ന ഒരു കെട്ടിടത്തിന്റെ ഓണർഷിപ്പ് മാറ്റി നൽകുന്നതിന് 2025 മേയ് മാസത്തിൽ ഓൺ-ലൈൻ മുഖാന്തിരം അപേക്ഷ നൽകിയിരുന്നു. അപേക്ഷ സംബന്ധമായി കക്ഷിക്ക് വേണ്ടി പരാതിക്കാരൻ പല പ്രാവശ്യം ഇടപ്പള്ളി സോണൽ ഓഫീസിലെത്തി അപേക്ഷയെ സംബന്ധിച്ച് അന്വേഷണം നടത്തിയെങ്കിലും, പല കാരണങ്ങൾ പറഞ്ഞ് യാതൊരു നടപടിയും സ്വീകരിക്കാതെ വൈകിപ്പിക്കുകയാണുണ്ടായത്. തുടർന്ന് ഇക്കഴിഞ്ഞ തിങ്കളാഴ്ച പരാതിക്കാരൻ ഇടപ്പള്ളി സോണൽ ഓഫീസിലെത്തി സൂപ്രണ്ട് ലാലച്ചനെയും റവന്യൂ ഇൻസ്പെക്ടർ മണികണ്ഠനെയും നേരിൽകണ്ട സമയം ലാലച്ചൻ 5,000/-രൂപയും, മണികണ്ഠൻ 2,000/-രൂപയും കൈക്കൂലി ആവശ്യപ്പെടുകയും, ഉച്ചക്ക് ശേഷം ഇടപ്പള്ളി സോണൽ ഓഫീസിൽ എത്തി നേരിട്ട് നൽകിയാൽ മതിയെന്നും പറഞ്ഞിരുന്നു. എന്നാൽ കൈക്കൂലി നൽകി കാര്യം സാധിക്കാൻ താല്പര്യമില്ലാത്ത പരാതിക്കാരൻ ഈ വിവരം എറണാകുളം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (16.10.2025) ഉച്ചക്ക് 12.00 മണിക്ക് ഇടപ്പള്ളി സോണൽ ഓഫീസിലെ സൂപ്രണ്ടിന്റെ റൂമിൽ വച്ച് പരാതിക്കാരനിൽ നിന്നും 7,000/-രൂപ

കൈക്കൂലി വാങ്ങവെ റവന്യൂ ഇൻസ്പെക്ടർ മണികണ്ഠനെയും, സൂപ്രണ്ട് ലാലച്ചനെയും വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ, 8592900900 എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.